**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 881** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പുരോഗതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കിഫ്ബി പദ്ധതിയിൽ 112.21 കോടി രൂപയുടെ ഭരണാനുമതി നൽകി തെക്ക് വടക്ക് ഭാഗത്തെ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ലേലപ്പുര, വാർഫ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. വാർഫ് നിർമാണത്തിനായുള്ള റിക്ലമേഷൻ പ്രവൃത്തി നടന്നു വരുന്നു.

**(ബി)** ഈ ഹാർബർ നിർമ്മാണത്തിൽ ഇനി എന്തെല്ലാം ഭാഗങ്ങളാണ് പൂർത്തീകരിക്കാനുള്ളത്. വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത ഹാർബറിന്റെ തെക്കും വടക്കും ഭാഗങ്ങളിലായി വാർഫ്, ഓക്ഷൻ ഹാൾ ലോഡിംഗ് ഏരിയ, അപ്രോച്ച് റോഡ്, ഇന്റേർണൽ റോഡ്, കോമ്പൗണ്ട് വാൾ പാർക്കിംഗ് ഏരിയ, ഡ്രെയിൻ, ഡ്രെഡ്ജിംഗ്, ഗേറ്റ് & ഗേറ്റ് ഹൗസ്, റിക്ലമേഷൻ ബണ്ട്, ഓവർ ഹെഡ് വാട്ടർ ടാങ്ക്, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.

**(സി)** ഈ പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സൈറ്റിൽ വന്ന മാറ്റങ്ങൾക്ക് അനുസൃതമായി പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി കിഫ്ബിയിൽ നിന്നും ലഭിക്കാനുണ്ട്.

**(ഡി)** ഈ പദ്ധതി പൂർണ്ണമായും എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** 2027-ൽ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**